(സി) ഉണ്ട്. ഈ വർഷം 600 ഹെക്ടർ സ്ഥലത്ത് കശുമാവു കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പുൽകൃഷി പദ്ധതിക്ക് ചെലവഴിച്ച തുക

85 (1139) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച കൊല്ലം കോസ്റ്റ് (പുൽകൃഷി) പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ പദ്ധതിക്ക് സർക്കാരിൽ നിന്നും എന്തു തുക ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 75 കുടുംബങ്ങൾക്ക് രണ്ടു പശുക്കളടങ്ങുന്ന ഡയറി യൂണിറ്റുകൾ സ്ഥാപിക്കുവാനായി ധനസഹായം നൽകി.

(ബി) 8,42,500 രൂപ ചെലവഴിച്ചു. ഇതിൽ 7,12,500 രൂപ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുവാനായി ധനസഹായം നൽകുന്നതിനും 1,30,000 രൂപ ശമ്പളം നടത്തിപ്പ് ചെലവ് തുടങ്ങിയവയ്ക്കായും ചെലവഴിച്ചു.

മണ്ഡരിബാധ തടയുവാൻ നടപടി

86 (1140) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മണ്ഡരിബാധ തടയുവാൻ കേരള കാർഷിക സർവ്വകലാശാല മുഖേന ഏതെങ്കിലും പദ്ധതി കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കനുവദിച്ച തുകയുടെ കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാത്തതിന്റെ പേരിൽ പ്രസ്തുത പദ്ധതി നിറുത്തൽ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാനും ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾക്ക് തടസ്സമുണ്ടാക്കാതിരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly